ഒക്ടോബർ 23, 2006

ബഹുമാനപ്പെട്ട പ്രധാന മന്ത്രിക്ക്,

സംസ്ഥാന സർക്കാരുകൾ മേൽപറഞ്ഞ ആശയങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ തുല്യപങ്കാളികളായിരിക്കണം അതുകൊണ്ട് ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നതെന്തെന്നാൽ സ്ക്കൂൾ വിദ്യാഭ്യാസം അതിന്റെ ലഭ്യത, ഗുണ നിലവാരം, അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ ഉൾപ്പടെ ഒരു കൂട്ടം പ്രശ്നങ്ങൾ **NKC** പരിശോധിച്ചുവരുന്നു. ഞങ്ങൾ വിശ്വസിക്കുന്നതെന്തെന്നാൽ ഇന്ത്യയിലാകമാനം നിലവാരമുള്ള സ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കേണ്ടത് ഇന്ത്യയുടെ വികസനത്തിന്റെ മൂലക്കല്ലാണെന്നാണ്. കൂടാതെ ഒരു വിജ്ഞാന സമൂഹമെന്നനിലയ്ക്ക് ഇന്ത്യയെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഏറ്റവും അത്യാവശ്യമായ ഘടകവുമാണിത്. ഞങ്ങൾ ഇതിനെ കുറിച്ച് വിശദമായ കൂടിയാലോചനകൾ നടത്തി വരികയാണ്. വളരെ വൈകാതെ തന്നെ സ്ക്കൂൾ വിദ്യാഭാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി വിശദമായ ശുപാർശകൾ നടത്തുകയും ചെയ്യും.

ഈയവസരത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിമാർക്ക് വിദ്യാഭ്യാസത്തുനുള്ള അവകാശത്തെ പരാമർശിക്കുന്ന ഒരു ബില്ലിന്റെ മാതൃക അയക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ സംരംഭത്തിനോട് പ്രതികരിക്കാൻ ഞങ്ങൾ താല്പര്യപ്പെടുന്നു. ഞങ്ങൾ ബില്ലിനെ കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും വിദ്യാഭ്യാസ വിചക്ഷണന്മാരുമായി കൂടിയാലോചന നടത്തുകയും ചെയ്തു. തൽഫലമായി ഈ ബില്ല് കുറ്റമറ്റതല്ല എന്ന കണ്ടെത്തലിലാണ് എത്തിച്ചേർന്നത്. കാരണം ഇങ്ങനെ ഒരു നിയമം വരുമ്പോൾ ഭരണഘടനയിലെ 21A വകുപ്പു പ്രകാരം ഇത്തരമൊരു നിയമം കേന്ദ്ര സർക്കാരാണ് പ്രാബല്യത്തിൽ കൊണ്ടു വരേണ്ടത്. എന്നാൽ സ്ക്കൂൾ വിദ്യാഭ്യാസം പ്രധാനമായും സംസ്ഥാന സർക്കാരിന്റെ കീഴിലായതിനാൽ ഫെഡറലിസത്തെ സംബന്ധിച്ച ഉത്കണ്ഠയും ഈ ബില്ലിന്റെ കാര്യത്തിലുള്ളതായി ഞങ്ങൾ തിരിച്ചറിയുന്നു.

എന്നാൽ, ഞങ്ങൾ ചിന്തിക്കുന്നതെന്തെന്നാൽ ഈ പ്രശ്നങ്ങൾ ഒരു അനുയോജ്യമായ കേന്ദ്രനിയമത്തിലൂടെ പരിഹരിക്കാൻ കഴിയും. എന്നാൽ ഈ നിയമത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.

1. **കേന്ദ്രനിയമം –** ദേശീയ തലത്തിലുള്ള ഒരു നിയമം ഇന്ത്യൻ ഭരണഘടനയുടെ 21A വകുപ്പ് അനുശാസിക്കുന്ന രീതിയിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പു നൽകണം. ഒരു പ ൌരൻ ഏത് സംസ്ഥാനത്ത് വസിക്കുന്നു എന്നത് ഇതിനെ ബാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരുകൾക്കയച്ച മതൃകാ ബിൽ ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതിന് പര്യാപതമല്ല അതിനാൽ ദേശീയ തലത്തിൽ ഒരു നിയമം കൊണ്ടുവരുമ്പോൾ പഞ്ചായത്തിരാജ് ഭേദഗതി പ്രകാരമാണ് കൊണ്ടുവരേണ്ടത്. കൂടാതെ നിശ്ചിത സമയത്തിനുള്ളിൽ സംസ്ഥാന സർക്കാരത് നടപ്പിലാക്കുകയും ഈ നിയമത്തിന്റെ പ്രാഥമിക ധനബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുകയും ചെയ്യേണ്ടതാണ്.

**2.സാമ്പത്തിക ഉത്തരവാദിത്വം.**

വിദ്യാഭ്യാസത്തിനുള്ള അവകാശം നടപ്പിലാക്കാനുള്ള പ്രത്യേകമായ ഫണ്ട് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകൾക്ക് അനുവദിച്ചു കൊടുക്കേണ്ടതാണ് അതിനാൽ ദേശീയതലത്തിലുള്ള നിയമം കൊണ്ടു വരുമ്പോൾ പ്രാരംഭ ശിക്ഷാകോശത്തിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാരുകൾക്കുക്കൂടി പങ്കുവയ്ക്കുന്ന രീതിയിൽ ഉള്ളതും സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ സ്രോതസ്സുകൾ നൽകുന്നതുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുയിരിക്കണം. ഭാരതത്തിലാകമാനം പ്രാധമിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായുള്ള വിഭവങ്ങൾ ലഭ്യമാക്കുന്നതിന് മൊത്തം **GDP** യുടെ 0.8 ശതമാനം മുതൽ 25 ശതമാനം വരെ ആവശ്യമാണെന്നാണ് കണക്കുകൾ പറയുന്നത്. സർവ്വശിക്ഷ അഭിയാനിലൂടെയും മറ്റും സംസ്ഥാനങ്ങൾ പ്രാഥമിക വിദ്യാഭ്യാസം ഏകദേശം ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിലും ഇതിനായി ലഭ്യമാകുന്ന സാമ്പത്തിക സഹായം കണക്കുകൾ പ്രകാരം വളരെ കുറവാണ്.

**3.കാലാവധി** നിശ്ചിത കാലാവധിക്കുള്ളിൽ വ്യക്തമായി പറഞ്ഞാൽ 3 വർഷത്തിനുള്ളിൽ എങ്കിലും പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാകുന്ന രീതിയിൽ വേണം സംസ്ഥാന തലത്തിൽ നിയമങ്ങൾ കൊണ്ടുവരാൻ.

**4.അനുബന്ധ വ്യവസ്ഥകൾ**-- വിദ്യാഭ്യാസത്തിന്റെ ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലും ഉറപ്പാക്കുന്നതിന് നിശ്ചിതചട്ടങ്ങൾ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ആദ്യം പരാമർശിച്ച മാതൃകാ ബില്ലിൽ ഇത്തരം ചട്ടങ്ങൾ ഒന്നും തന്നെ ഉണ്ടായുരുന്നില്ല. കൂടാതെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ കുറിച്ചും അതിൽ പരാമർശിച്ചിരുന്നില്ല നീതിപൂർവ്വമായ നിലവാരം എന്നൊരു പരാമർശം മാത്രമേ ആ ബില്ലിൽ ഉണ്ടായിരുന്നുള്ളു, ഗുണനിലവാരത്തിന്റെ നിർവ്വചനം പോലും ഇല്ലായിരുന്നു. ഗുണനിലവാരത്തെക്കുറിച്ച് പരാമർശിക്കുന്ന കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള അദ്ധ്യാപകരും, അദ്ധ്യാപനരീതിയും മറ്റ് സൌകര്യങ്ങളും തീർച്ചയായും ആവശ്യമായ കാര്യങ്ങളെ കുറിച്ച് പരാമർശിക്കുന്നില്ല.

**5.അദ്ധ്യാപകർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ--** നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ അദ്ധ്യാപകർക്ക് വളരെ വലിയ പങ്കുള്ളതിനാൽ നന്നായി നിർവ്വചിക്കപ്പെട്ടിട്ടുള്ളതുമായ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം അദ്ധ്യാപകരുടെ തിരഞ്ഞെടുപ്പ്. അദ്ധ്യാപകൻ എന്നാൽ ക്ലാസിൽ പഠിപ്പിക്കുന്നയാൾ എന്നാണ് നിർവ്വചനം. എന്നിരുന്നാലും ഇവിടെ അദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങളേയും പരിശീലനത്തേയും കുറിച്ചുള്ള ചട്ടങ്ങൾ പ്രതിപാദിച്ചിരിക്കേണ്ടതാണ്.

**6.നീതി നിഷ്ഠ-** വിദ്യാഭ്യാസത്തിനിള്ള അവകാശം ഉൾപ്പെടെ ഏതൊരവകാശവും അർത്ഥവത്താകുന്നത് നിയമത്തിന്റെ കീഴിൽ വരുമ്പോഴാണ്. വിവിധ തലങ്ങളിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും നിയമത്തിനു കീഴിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ് നേഷണൽ റൂറൽ എംപ്ലോയിമെന്റ് ഗ്യാരന്റി ആക്ട് (NREGA) ഇതിനൊരുദാഹരണമാണ്.

**7പരിഹാരക്രിയ**- അവകാശങ്ങൾ സംരക്ഷിക്കാനാവാതെ വരുന്ന സാഹചര്യത്തിൽ നീതി നിഷ്ഠ ഉറപ്പാക്കുന്നതിനും ഒരു പരിഹാര പ്രക്രിയ രൂപപ്പെടുത്തേണ്ടതും കുട്ടികൾക്ക് അല്ലെങ്കിൽ രക്ഷിതാക്കൾക്കായി അനുയോജ്യമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

**8.സാർവ്വദേശീയ വിദ്യാഭ്യാസം**-- പിന്നോക്ക സമുദായത്തിൽ നിന്നുള്ളതും വൈകല്യങ്ങൾ ഉള്ളതും, മറ്റുമായ എല്ലാ വിഭാഗങ്ങളിൽ നിന്നും വരുന്നതുമായ കുട്ടികൾക്ക് സ്ക്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കേണ്ടതാണ്. അതായത് ഒരുതരത്തിലുള്ള വിവേചനവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ല. മേൽപ്പറഞ്ഞ മാതൃകാ ബില്ലിൽ സ്ക്കൂൾ വിദ്യാഭ്യാസത്തെ സമാന്തരവും വിവേചന പരവുമായ ഒരു വിദ്യാഭ്യാസരീതിയാക്കി മാറ്റും. അതായത് താഴേക്കിടയിലുള്ള സമുദായങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് അനൌപചാരിക വിദ്യാഭ്യാസം എന്ന ഒരു ഏർപ്പാട് മാത്രം ഉണ്ടാക്കി വെയ്ക്കുകയും നിർബന്ധിത വിദ്യാഭ്യാസം സാധ്യമാക്കാതിരിക്കുകയും ചെയ്യുന്നു.

എന്നാൽ സ്പഷ്ടമായും എല്ലാ തലത്തിലും സ്ക്കൂൾ സമ്പ്രദായം കുട്ടികളുടെ എല്ലാ ആവശ്യങ്ങളേയും കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ കഴിയുന്നതായിരിക്കണം.

മേൽപ്പറഞ്ഞ സംഗതികളെ കുറിച്ച് കൂടുതൽ വിശദമാക്കാൻ ഇനി സന്തോഷമേയുള്ളു. ദേശീയ വിജ്ഞാന കമ്മീഷൻ സ്ക്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളെ കുറിച്ച് പരിശോധിച്ച് വരികയും മദ്ധ്യസ്ഥന്മാരുമായി കൂടിയാലോചനകൾ നടത്തി വരികയുമാണ്. അൽപ്പം കൂടി മെച്ചപ്പെട്ട നിലവാരമുള്ള വിദ്യാഭ്യാസം എങ്ങനെ വർദ്ധിപ്പിക്കാമെന്നും, ഇതിനായി സൌകര്യങ്ങൾ എങ്ങനെ വർദ്ധിപ്പിക്കാമെന്നും, സമൂഹത്തിന് വിദ്യാഭ്യാസ രീതി മെച്ചപ്പെടുത്താനുള്ള പങ്ക് എങ്ങനെ വർദ്ധിപ്പിക്കാമെന്നും, സാധാരണ സ്ക്കൂൾ സമ്പ്രദായമായും മറ്റും ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ചും നല്ല നിലവാരവും കഴിവും ഉള്ള അദ്ധ്യാപകരെ ലഭ്യമാക്കുന്നതിനെപ്പറ്റിയുമൊക്കെയാണ് ഞങ്ങൾ ലക്ഷയ്മാക്കുന്നത്. വളരെ വൈകാതെ തന്നെ സ്ക്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച് കുറച്ചുകൂടി വിപുലമായ ശുപാർശകൾ സമർപ്പിക്കുന്നതാണ്.

നന്ദി, ആദര പൂർവ്വം

സാം പിട്രോഡ

ചെയർമാൻ

ദേശീയ വിജ്ഞാന കമ്മീഷൻ

സിസി- ശ്രീ. അർജ്ജുൻ സിംഗ്, മന്ത്രി, MHRD

ശ്രീ. മൊണ്ടക് സിംഗ് അലുവാലിയ, ഡെപ്യൂട്ടി ചെയർമാൻ, പ്ലാനിംഗ് കമ്മീഷൻ